കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കള്ളിക്കാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ എസ്. എ/റ്റി.വി.എം/ജി.പി. 2/1478 /17 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി : 03.08.2017

Phone No : 0471-2331231

Email : lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കള്ളിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കള്ളിക്കാട് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3)കാര്യാലയ പകർപ്പ്

4) സ്പെയർ

നം.കെ എസ്. എ/റ്റി.വി.എം/ജി.പി. 2/1478 /17 തീയതി : 03.08.2017

തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.10.2016 മുതൽ 09.06.17വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിനു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ജമാലുദ്ദീൻ .എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.06.2017 മുതമോ3(ൂനസ)ൽ 21.06.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം. മുഹമ്മദ് സലീം, | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സുരേഷ്ബാബു. ബി, | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ആശ. ജി.ആർ, | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. കോസലരാമദാസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. എൽ. സാനുമതി | 01.04.2016 മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ. ഡി. രാജേഷ് | 01.04.2016 മുതൽ 03.12.2016വരെ |
| | ശ്രീ. ജോസഫ് ബിജു | 04.12.2016 മുതൽ 19.12.16 വരെ |
| | (ഇൻ ചാർജ്) | 20.12.16 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| | ശ്രീ. ഡി. സുനിൽ കുമാർ | |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീമതി. രോഹിണി. ജെ. | 01.04.16 മുതൽ 7.7.16 വരെ |
| | ശ്രീ. രാജമണി | 07.7.16 മുതൽ 15.7.16 വരെ |
| | ശ്രീമതി. സജീനാബീവി | 16.7.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ബീന കെ. ദാസ് | 01.4.16 മുതൽ 23.08.16 വരെ |
| | ഡോ. ജാക്വിലിൻ എ. | 25.08.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ, (പി .എച്ച്.സി) | ഡോ. സഞ്ജീവ് | 01.04.16 മുതൽ 27.6.16 വരെ |
| | ഡോ. അജോഷ് തമ്പി | 27.6.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. റീജ എൽ.ജെ | 01.04.16 മുതൽ 31.03.17വരെ |
| വെറ്റിനറി സർജൻ | ഡോ. കൃഷ്ണകുമാർ | 01.04.16 മുതൽ 03.10.16 വരെ |
| | ഡോ. എസ്. സജിത് | 27.10.16 മുതൽ 31.3.17 |

| | | |
|---|---|---|
| | കുമാർമോ3(ൂനസ) | വരെ |
| ഹെഡ്മിസ്ട്രസ്,<br>(ഗവ. ട്രൈബൽ എൽ.പി.എസ്. വ്ലാവെട്ടി) | ശ്രീമതി. ഹാജർ ബീവി | 04.06.16 മുതൽ 03.06.16 വരെ |
| | ശ്രീമതി.ഷീബ (ഇൻചാർജ്) | 01.04.16 മുതൽ 14.06.16 വരെ |
| | ശ്രീമതി. വിജയകുമാരി. എസ്. | 15.06.16 മുതൽ 4.7.16 വരെ |
| | ശ്രീമതി. നിർമ്മല മേരി | 5.7.16 മുതൽ 29.7.16 വരെ |
| | ശ്രീമതി. ഹെലൻ സ്റ്റെല്ല | 29.7.16 മുതൽ 31.03.17 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. നബീസ ബീവി | 01.04.16 മുതൽ 20.07.16 വരെ |
| | ശ്രീമതി. ലാൽസി റാണി | 21.07. 16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ | ശ്രീ. അഭിലാഷ് | 01.04.16 മുതൽ 04.11.16 വരെ |
| | ശ്രീ. സുബി സുരേന്ദ്രൻ | 11.11.16മുതൽ 31.03.17 വരെ |
| എൽ.വി.ഇ.ഒ. | ശ്രീമതി. രാധിക | 01.04.16മുതൽ 31.03.17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സീമ | 01.04.16മുതൽ 03.11.16 വരെ |

| | | |
|---|---|---|
| | ശ്രീമതി. കൃഷ്ണകുമാരി | 03.11.16മുതല്‍ 31.03.17 വരെ |

ള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പര്‍ | പേജ് നമ്പര്‍ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാര്‍ഷികധനകാര്യപത്രിക | 1-2 | |
| 3 | വാര്‍ഷികധനകാര്യപത്രികപരിശോധിച്ച് സര്‍ട്ടിഫിക്കറ്റ് | 1-3 | |
| 4 | സാമ്പത്തികവിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനതുവരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികള്‍ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷന്‍ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റുഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | തൊഴില്‍ നികുതി | 2-1 | |

| | | | |
|---|---|---|---|
| 13 | സ്ഥാപന നികുതി ഈടാക്കിയില്ല. | 2-2 | |
| 14 | ലേലം/ഷോപ്പിംഗ് കോംപ്ലക്സ്- വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ലാത്ത കരാർ രേഖകൾ. | 2-3 | |
| 15 | വസ്തു നികുതി -കുടിശ്ശിക 29,15,436/- | 2-4 | |
| 16 | ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ | 2-5 | |
| 17 | പരസ്യനികുതി ഈടാക്കുന്നില്ല. | 2-6 | |
| | ഭാഗം 3 | | |
| 18 | ക്ഷേമപെൻഷനുകൾ- അപാകതകൾ | 3-1 | |
| 19 | കുണ്ടറമുഴി-പട്ടേക്കോണം റോഡ് മെറ്റലിംഗ്- അധികതുകനൽകി-നഷ്ടം 1720/- രൂപ | 3-2 | |
| 20 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)നിർവഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്ടുകൾ- മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല. | 3-3 | |
| 21 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നും സൺട്രീസും ലഭ്യമായില്ല. | 3-4 | |
| 22 | ധനവിനിയോഗ സാക്ഷ്യപത്രം/കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു. | 3-5 | |
| 23 | പ്രോജക്റ്റ് നിർവഹണത്തിൽ വീഴ്ച | 3-6 | |

| | | | |
|---|---|---|---|
| 24 | വി.ഇ.ഒ/ ലേഡി വി.ഇ.ഒ നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 3-7 | |
| | ഭാഗം- 4 | | |
| 25 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 26 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 30 | ഓഡിറ്റ് റിക്കവറി | 4-6 | |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-7 | |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 05.03.2016 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 25,05,48,170 രൂപ വരവും 24,89,04,750 രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 4,50,51,327/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 4,36,82,395/- രൂപയുമാണ് .

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 19.06.2017 | ------ | ------ |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 21.06.2017 | - |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9,16,266.00 |
| വരവ് | 4,41,35,061.00 |
| ആകെ | 4,50,51,327.00 |
| ചെലവ് | 4,36,82,395.00 |
| നീക്കിയിരിപ്പ് | 13,68,932.00 |

## 1-5 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | വികസനഫണ്ട് (ജനറൽ) | - | 10404826 | 10404826 | 10404826 | - |
| 2 | വികസനഫണ്ട് (SCP) | - | 1294577 | 1294577 | 1294577 | - |
| 3 | വികസനഫണ്ട് (TSP) | - | 1162303 | 1162303 | 1162303 | - |
| 4 | സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 9482752 | 9482752 | 9482752 | - |
| 5 | സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | - | 2515596 | 2515596 | 2515596 | - |

| | | | | | | |
|---|---|---|---|---|---|---|
| 6 | ജനറൽ പർപ്പസ് ഗ്രാന്റ് | 598789 | 4396080 | 4994869 | 4404611 | 590258 |
| 7 | ധനകാര്യ കമ്മിഷൻ അവാർഡ് | - | 5108511 | 5108511 | 5108511 | - |
| 8 | എം.എൻ.ആർ. ഇ.ജി.എസ് | 26648 | 1474965 | 1501613 | 1404666 | 96947 |
| 9 | ബി ഫണ്ട് | - | 569400 | 569400 | 569400 | - |
| 10 | പെർഫോമൻസ് ഗ്രാന്റ് | - | 272038 | 272038 | 272038 | - |
| 11 | സാക്ഷരത | - | - | - | - | - |
| 12 | ടോട്ടൽ സാനിട്ടേഷൻ | - | - | - | - | - |
| 13 | തനത് ഫണ്ട് | 223314 | 3914638 | 4137952 | 3583164 | 554788 |
| 14 | മറ്റുള്ളവ | 67515 | 3539375 | 3606890 | 3479951 | 126939 |
| | ആകെ | 916266 | 44135061 | 45051327 | 43682395 | 1368932 |

## 1-5 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |

| | | | | | | |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | - | 10404826 | 10404826 | 10404826 | - |
| 2 | വികസനഫണ്ട് (SCP) | - | 1294577 | 1294577 | 1294577 | - |
| 3 | വികസനഫണ്ട് (TSP) | - | 1162303 | 1162303 | 1162303 | - |
| 4 | സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 9482752 | 9482752 | 9482752 | - |
| 5 | സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | - | 2515596 | 2515596 | 2515596 | - |
| 6 | ജനറൽ പർപ്പസ് ഗ്രാന്റ് | 598789 | 4396080 | 4994869 | 4404611 | 590258 |
| 7 | ധനകാര്യ കമ്മീഷൻ അവാർഡ് | - | 5108511 | 5108511 | 5108511 | - |
| 8 | എം.എൻ.ആർ. ഇ.ജി.എസ് | 26648 | 1474965 | 1501613 | 1404666 | 96947 |
| 9 | ബി ഫണ്ട് | - | 569400 | 569400 | 569400 | - |
| 10 | പെർഫോമൻസ് ഗ്രാന്റ് | - | 272038 | 272038 | 272038 | - |
| 11 | സാക്ഷരത | - | - | - | - | - |
| 12 | ടോട്ടൽ സാനിട്ടേഷൻ | - | - | - | - | - |

| | | | | | | |
|---|---|---|---|---|---|---|
| 13 | തനത് ഫണ്ട് | 223314 | 3914638 | 4137952 | 3583164 | 554788 |
| 14 | മറ്റുള്ളവ | 67515 | 3539375 | 3606890 | 3479951 | 126939 |
| | ആകെ | 916266 | 44135061 | 45051327 | 43682395 | 1368932 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 50916962 | 123 | 32534440 | 8 | 33 | 75% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം 2015-16 | തൻവർഷം 2016-17 | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | | | |
| പരസ്യനികുതി | 0 | 0 | 0 |
| തൊഴിൽ നികുതി | 1257900 | 1437600 | (+)179700 |
| കെട്ടിടനികുതി | 830380 | 1709121 | (+)878741 |
| വിനോദനികുതി | 0 | 17500 | (+)17500 |
| നികുതിയേതരവരവുകൾ | | | |
| ലേലം | 231544 | 8670 | (-)222874 |
| ഷോപ്പിംഗ് കോംപ്ലക്സ് | 16000 | 79975 | (+) 63975 |
| ഡി ആന്റ് ഒ ലൈസൻസ് | 21310 | 65200 | (+) 43890 |
| മറ്റ് വരവുകൾ | 4881434 | 596572 | (-)4284862 |
| ആകെ | 7238568 | 3914638 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 250 | 449400 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 370 | 3347390 |
| വിധവാ പെൻഷൻ | 849 | 9122670 |
| വാർദ്ധക്യകാലപെൻഷൻ | 964 | 7853250 |
| വികലാംഗ പെൻഷൻ | 224 | 2408795 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 10 | 83400 |
| ആകെ | | 23264905 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-06-2017, 10.30 AM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8755/- രൂപ ( ചെക്ക് നം 016126 തിയതി 12.06.17) ( എണ്ണായിരത്തി എഴുനൂറ്റി അൻപത്തി അഞ്ച് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തൊഴിൽനികുതി രജിസ്റ്ററുകൾ, ട്രേഡേഴ്സ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്ററുകൾ, ക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട വിതരണ രജിസ്റ്ററുകൾ മുതലായവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലേലം/ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക എന്നിവയുമായി ബന്ധപ്പെട്ട് ചമയ്ക്കുന്ന കരാറുകളിൽ കരാർവ്യവസ്ഥകൾ പൂർണമായും ഉൾപ്പെടുത്തിയിട്ടില്ല.

കള്ളിക്കാട് പഞ്ചായത്തിലെ പാലിയേറ്റീവ് കെയർ സംവിധാനം മാതൃകാപരമായി രീതിയിൽ പ്രവർത്തനം നടത്തുന്നുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും സ്ഥാപന നികുതിയും നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ഓഡിറ്റോറിയങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ സംബന്ധിച്ച രജിസ്റ്റർ കാലികമായി തയ്യാറാക്കി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവർക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി നിൽക്കുന്ന മുഴുവൻ തുകയും പിരിച്ചെടുക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കേണ്ടതാണ്. അംഗനവാടികളുടെ ഭൗതിക സാഹചര്യം വിലയിരുത്തി ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യ നൽകേണ്ടതാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ കാർഷിക മേഖലയ്ക്ക് മതിയായ പ്രാധാന്യം നൽകേണ്ടതാമ്. പൊതുമരാമത്ത് പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയിൽ പെടുന്നവർക്ക് ലഭ്യമാക്കുവാൻ പറ്റുന്ന തൊഴിലവസരങ്ങൾ ഉണ്ടെങ്കിൽ ആയത് അത്തരക്കാർക്ക് ഉറപ്പ് വരുത്തേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതാണ്. സർക്കാർ മാർഗനിർദ്ദേശങ്ങൾ, മാർഗരേഖകൾ എന്നിവ കൃത്യമായി പാലിച്ചുതന്നെ പ്രോജക്ടുകൾ തയാറാക്കാനും നടപ്പിലാക്കാനും നിർവഹണഉദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.04.17 മുതൽ<br>19.04.17 വരെ | 03/2017 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.05.12 മുതൽ<br>29.05.12 വരെ | 2007-2008 മുതൽ<br>2011-2012 വരെ | ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി

*എ) അർദ്ധ വാർഷിക വരുമാനം ഉറപ്പ് വരുത്തി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്*

1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 204(3) പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടക ബത്ത, ഡി.എ, യാത്രാസൗകര്യ അലവൻസ് എന്നിവ ഒഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടെയുള്ള ആകെ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികയിലെ ജീവനക്കാരുടെ ആകെ അർദ്ധവാർഷിക വരുമാനത്തിൽ ആർജിതാവധി പണമാക്കൽ, ബോണസ്സ്, ഉത്സവബത്ത, എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

*ബി) മതിയായ രേഖയുടെ പിൻബലത്തിൽ മാത്രം തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.*

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27.11.2000 ലെ ജി.ഓ(ആർ.ടി)നം.17/88/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം വികലാംഗരെ തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് സർക്കാർ ആശുപത്രിയിലെ ബന്ധപ്പെട്ട സ്പെഷ്യാലിറ്റി വിഭാഗം തലവനിൽ നിന്നും 40 ശതമാനമോ അതിൽ കൂടുതലോ അംഗവൈകല്യമുള്ളതായി സാക്ഷ്യപത്രം ഹാജരാക്കണമെന്ന് അനുശാസിക്കുന്നു. എന്നാൽ ഹാജരാക്കിയ തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള പത്രികയോടൊപ്പം മേൽ സൂചിപ്പിച്ച ബന്ധപ്പെട്ട ഡോക്ടർ നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഭാവിയിൽ തൊഴിൽ നികുതി നിർണ്ണയിക്കുമ്പോൾ വികലാംഗരെ തൊഴിൽ നികുതിയിൽ നിന്ന് ഒഴിവാക്കുവാൻ നികുതി പത്രികയോടൊപ്പം ബന്ധപ്പെട്ടയാൾ വികലാംഗനാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചതിൽ അർദ്ധ വാർഷിക വരുമാനം ഉറപ്പാക്കാതെയാണ് നികുതി ഈടാക്കിയിട്ടുള്ളതെന്ന് കാണുന്നു. ഭാവിയിൽ അർദ്ധവാർഷിക വരുമാനം ഉറപ്പാക്കി തൊഴിൽ നികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും സ്ഥാപന നികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | പരമാവധി ഈടാക്കാവുന്ന നികുതി |
|---|---|---|---|
| 1 | മിനി മുത്തൂറ്റ് കള്ളിക്കാട് | II | 1 X 1250 = 1250 |

മുകളിൽ പറഞ്ഞിട്ടുള്ള സ്ഥാപനത്തിൽ നിന്ന് അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക ഉൾപ്പെടെ സ്ഥാപന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 ലേലം/ഷോപ്പിംഗ് കോംപ്ലക്സ് വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ലാത്ത കരാർ രേഖകൾ

ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള കടമുറികൾ/ ഓഫീസ് മുറികൾ/ മാർക്കറ്റ് സ്റ്റാളുകൾ/ പൊതു മാർക്കറ്റിലെ ഏതെങ്കിലുമൊരു ഭാഗം ലേലം/ വാടക / പാട്ടം നൽകുന്നത് സംബന്ധിച്ച കരാറുകൾ ചമയ്ക്കുന്നതിലും നിലവിലെ കരാറുകൾ പുതുക്കുന്ന കര്യത്തിലും 15.10.2010 ലെ 2858/ഡി.ബി.2/10/തസ്വഭവ നമ്പർ സർക്കുലർ പ്രകാരവും കേരള സ്റ്റാമ്പ് ആക്ട് പട്ടികയിലെ 5(ഡി) പ്രകാരവും 200 രൂപ മൂല്യമുള്ള മുദ്രപത്രത്തിലാ യിരിക്കേണ്ടതാണെന്ന് 29-07-2015 ലെ നിയമവകുപ്പിന്റെ 5959/2010/E.leg.A2/2015 നം ഉത്തരവിലും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ എന്നിവ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും വാടകക്കാരുമായി കരാർ പുതുക്കുന്നതിലും പുതിയ കരാർ ചമയ്ക്കുന്നതിലും നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വാടകക്കാർ കരാർ ചമയ്ക്കുന്നതിനായി ഹാജരാക്കിയിട്ടുള്ള മുദ്രപത്രങ്ങളിൽ കരാർ വ്യവസ്ഥകൾ ചേർക്കാതെയാണ് സൂക്ഷിച്ചിരിക്കുന്നത്. ഇത്തരം സമീപനങ്ങൾ ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന വാടകക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നത് പ്രയാസകരമാക്കും. (ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8 ന് വാടക സംബന്ധിച്ച കരാർ വ്യവസ്ഥകൾ മുദ്രപത്രത്തിൽ പൂരിപ്പിച്ചിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്). ഭാവിയിൽ കരാർ വ്യവസ്ഥകൾക്ക് അനുസൃതമായി വ്യവസ്ഥകൾ രേഖപ്പെടുത്തി കരാർ ചമയ്ക്കേണ്ടതാണ്.

## 2-4 ഡി ആന്റ് ഓ ലൈസൻസ് അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്ന് 1998 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റിക്കാർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ ഇത്തരം ട്രേഡേഴ്സ് രജിസ്റ്റർ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്ത് ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ മുഴുവൻ കച്ചവട സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-5 പരസ്യ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങളുടെ പരസ്യങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നികുതി ഈടാക്കുന്നില്ല. ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിലോ ചുമരിലോ അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം കുത്തി നിർത്തുകയോ പ്രദർശിപ്പിക്കുകയോ ചെയ്താൽ അങ്ങനെ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കിൽ പരസ്യ നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്തിന്റെ തനത് വരുമാനമായ പരസ്യ നികുതി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ബൈലാ പാസ്സാക്കാൻ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ബൈലാ പാസ്സാക്കി പരസ്യ നികുതി ഈടാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ക്ഷേമപെൻഷനുകൾ അപാകങ്ങൾ

2016-17 സാമ്പത്തിക വർഷം നടപ്പിലാക്കിയ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷൻ | അപേക്ഷ ലഭിച്ചത് | തീർപ്പ് കൽപ്പിച്ചത് | നിരസിച്ചത് |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | ഇല്ല | ഇല്ല | ഇല്ല |
| 2 | വാർദ്ധക്യകാല പെൻഷൻ | 259 | 232 | 232 |
| 3 | വികലാംഗ പെൻഷൻ | 18 | 17 | 01 |
| 4 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 1 | 1 | 0 |
| 5 | വിധവാ പെൻഷൻ | 45 | 42 | 03 |
| 6 | തൊഴിൽ രഹിത വേതനം | 13 | 04 | 09 |

ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാനപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട് ലഭിച്ചതും നിരസിച്ചതുമായ അപേക്ഷകളെ സംബന്ധിക്കുന്ന രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

ബി) വിതരണം ചെയ്യുന്ന പെൻഷൻ സംബന്ധിച്ച വിതരണ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

സി) അപേക്ഷകൾ തീർപ്പാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ചുകാണുന്നില്ല.

ഡി) മണി ഓർഡർ വഴി വിതരണം ചെയ്യുന്ന പെൻഷനുകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയെന്ന് ഉറപ്പ് വരുത്താൻ മണി ഓർഡർ കൈപ്പറ്റ് രസീതി എഴുതി സൂക്ഷിച്ചിട്ടില്ല.

e) മണി ഓർഡർ റിട്ടേൺ രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നില്ല.

എഫ്) പെൻഷനുകൾക്ക് ലഭിക്കുന്ന അപേക്ഷകൾ അന്വേഷണത്തിനായി കൈമാറുമ്പോൾ അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണ റിപ്പോർട്ട് സമയബന്ധിതമായി ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കുന്നില്ല.

ക്ഷേമ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ ഓരോ പെൻഷൻ പദ്ധതിക്കും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും ചട്ടങ്ങളും (1998 ലെ കേരള കർഷക തൊഴിലാളി പെൻഷൻ, കേരള തൊഴിൽ രഹിത വേതന ചട്ടങ്ങൾ) നിർദ്ദേശങ്ങളും അനുസരിച്ച്

പ്രവർത്തിക്കുവാനും രേഖകളും രജിസ്റ്ററുകളും കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-2 കുണ്ടറ മുഴി- പട്ടേക്കോണം റോഡ് മെറ്റലിംഗ് അധികതുക നൽകി-നഷ്ടം 1720/- രൂപ

പദ്ധതി നം - 117/16-17

അടങ്കൽ - 294283 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 281196

എം.ബുക്ക് നം. - 212/16-17

ബിൽ നം. - 09/16-17 തീയതി 23-02-17

കരാറുകാരൻ - ശ്രീ.ഡി.വിജയൻ

നിർവ്വഹണം - അസി.എഞ്ചിനീയർ

ഡി.എസ്.ആർ കോസ്റ്റ് ഇൻഡക്സ് 46.67%

മേൽ സൂചിപ്പിച്ച പ്രവർത്തിക്ക് ഇനം നം 2 പ്രകാരം (Supplying and stacking at site 63 mm to 45 mm size stone aggregate DSR 16.32) 69.857$m^3$ മെറ്റൽ ശേഖരിച്ചിരുന്നു. എന്നാൽ സ്റ്റോക്ക് ചെയ്ത മെറ്റലിന്റെ 7.5% അളവ് കുറയ്ക്കാതെ കരാറുകാരന് തുക നൽകിയത് മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

65mm-45mm stone sizeശേഖരിച്ച അളവ് - 69.857$m^3$

7.5% voids കുറവ് ചെയ്ത ശേഷമുള്ള അളവ് - 64.62(69.86-5.4)

അനുവദിക്കേണ്ട തുക64.623$m^3$@1977.40m3 = 127779

അനുവദിച്ച തുക - 129499

അധികം നൽകിയ തുക - 1720

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 12 തീയതി 19-06-17 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ നഷ്ട തുക 1970/- രൂപ കരാറുകാരന്റെ കയ്യിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പ്രോജക്ടുകൾ-തുക ചെലവഴിച്ചിട്ടും മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല

1) പ്രോജക്ട് നമ്പർ നം.S00136/16-17 പ്രകാരം സെക്കണ്ടറി ലെവൽ പാലിയേറ്റീവ് പദ്ധതി എന്ന പേരിൽ ജില്ല പഞ്ചായത്തുമായി ചേർന്ന് നടപ്പിലാക്കിയ സംയുക്ത പദ്ധതിക്കായി 100000/- രൂപ ജില്ലാ പഞ്ചായത്ത് നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്നുള്ള കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ്.

2) വിവിധ പ്രോജക്ടുകളിലെക്കായി മരുന്ന് വാങ്ങുന്നതിന് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | ബിൽ നം. തീയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | SO136/16-17 | 19/16-17<br>തീയതി 25.03.2017 | 2903 |
| 2 | SO013/16-17 | 23/16-17<br>തീയതി 28.03.2017 | 50000 |
| ആകെ | | | 52903 |

മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും അനുബന്ധ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 3-4 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും സൺഡ്രീസും ലഭ്യമായില്ല.

പ്രോജക്റ്റ് നം : SO39/17 (ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും സൺഡ്രീസും വാങ്ങൽ)

ബിൽ നം : 01/2016-17 തീയതി 01.12.2016

(ഡി.ഡി നം.752173 തീയതി 01.12.2016)

തുക : 50000

നിർവ്വഹണോദ്യോഗസ്ഥ : ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ ഡിസ്പെൻസറി,കള്ളിക്കാട്)

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും സൺഡ്രീസും വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേഷൻ ഫാർമസി ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥാപനത്തിന് ഓർഡർ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ഔഷധങ്ങൾ ലഭ്യമായിട്ടില്ല. ടി വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 02 തീയതി 13-06-2017 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. തുക കൈമാറിയെങ്കിലും ഔഷധനിർമ്മാണത്തിന്റെ കാലതാമസം നേരിടുന്നതുകൊണ്ടാണ് മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട രേഖകളും അനുബന്ധ സ്റ്റോക്ക്, വിതരണ രജിസ്റ്ററുകളും ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുണ്ട്.

## 3-5 ധനവിനിയോഗ സാക്ഷ്യപത്രം/കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല; 2076490/- രൂപ തടസ്സപ്പെടുത്തുന്നു.

താഴെപ്പറയുന്ന പ്രോജക്ടുകളിൽ ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം/കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രോജക്റ്റ് നം, പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ/ഡി.ഡി നം, തീയതി | തുക | ലഭ്യമാക്കേണ്ട രേഖകൾ/മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|
| 1 | SO71/17 സാക്ഷരതാ മിഷൻ വിദ്യാഭ്യാസം | ഹെഡ്മാസ്റ്റർ,<br>ഗവ.എൽ.പി.എസ്. പ്ലാവെട്ടി | 08/2016-17<br>29-03-17 | 15000 | തുക സാക്ഷരതാ മിഷനിൽ ഒടുക്കിയതിന്റെകൈപ്പറ്റ് രസീത് ഹാജരാക്കേ ണ്ടതാണ്. |
| 2 | SO133/17 കൈമാറി<br>ക്കിട്ടിയ സ്ഥാപന<br>ങ്ങളിൽ | സെക്രട്ടറി | 38/16-17<br>25-02-17 | 445000 | പൂർത്തീകരണ/ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ട<br>താണ് |

| | | | | | |
|---|---|---|---|---|---|
| | വൈദ്യുതി കണക്ഷൻ | | | | |
| 3 | SO129/17<br>പഞ്ചായത്ത് ലൈബ്രറി നവീകരണം | സെക്രട്ടറി | 60/16-17<br>28-03-17 | 49500 | ഷെൽഫ്, അലമാര, ടേബിൾ എന്നിവ വാങ്ങിയതിന്റെ Abi's Wood works ൽ നിന്നുള്ള തുക കൈപ്പറ്റിയതിന്റെ രസീത് |
| 4 | S008/2017<br>കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഒടുക്കൽ | സെക്രട്ടറി | a)24/16-17<br>20-01-17 | 51188 | വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള കൈപ്പറ്റ് രസീത് ഹാജരാക്കേ ണ്ടതാണ്. |
| | | | b)25/16-17<br>20-01-17 | 51188 | |
| | | | c)26/16-17<br>28-01-17 | 51188 | |
| | | | d)27/16-17<br>23-02-17 | 51188 | |
| 5 | S009/17<br>പട്ടികവർഗ്ഗ കോളനികളിൽ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങി സ്ഥാപിക്കൽ | സെക്രട്ടറി | a)41/16-17<br>04-03-17 | 178200 | ആൽഫ ഇലക്ട്രോണിക്സ്, തിരുമംഗലം, കൊടുങ്ങാനൂർ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നുള്ള കൈപ്പറ്റ് രസീത് ഹാജരാക്കേ ണ്ടതാണ്. |
| 6 | നം.2/17<br>എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങി സ്ഥാപിക്കൽ | സെക്രട്ടറി | 40/16-17<br>04-03-17 | 999898 | തുക നൽകിയ തിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ് |
| 7 | നം.78/17<br>പട്ടികജാതി കോളനികളിൽ എൽ.ഇ.ഡി സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | സെക്രട്ടറി | 42/16-17<br>04-03-17 | 184140 | തുക നൽകിയ തിന്റെ കൈപ്പറ്റ് രാജസീത് ഹാജരാക്കേ ണ്ടതാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | | |
| ആകെ | | | | 2076490 | |

# 3-6 പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച

I) പ്രോജക്ട് നം - 68/16-17

പ്രോജക്ടിന്റെ പേര് - നെയ്യാർഡാം എച്ച്.എസ്.എസ് പ്രീപ്രൈമറി ഫീഡിംഗ്

ബിൽ നം. - 04/16-17 തീയതി 23-03-17, 32000/- രൂപ

ബിൽനം. - 09/16-17 തീയതി 29-03-17, 8000/- രൂപ

നിർവ്വഹണോദ്യോഗസ്ഥ- ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ് വ്ലാവെട്ടി

മേൽ പ്രോജക്ട് പ്രകാരം ഫീഡിംഗിനായി പ്രതിമാസം 4000 രൂപ വീതമാണ് ചെലവ് ചെയ്തിട്ടുള്ളത്. 2017 മാർച്ച് മാസം ഒഴിച്ചുള്ള മറ്റ് മാസങ്ങളിലെല്ലാം മതിയായ ഹാജർ നില ഉണ്ടായിരുന്നു. എന്നാൽ 2017 മാർച്ച് മാസത്തിൽ 3 ദിവസം മാത്രമാണ് കുട്ടികൾ ഹാജരായിട്ടുള്ളത്. സ്കൂളിൽ നിന്നുള്ള ടി മാസത്തെ ഹാജർ പുസ്തകത്തിന്റെ ഒറിജിനൽ വാങ്ങി പരിശോധിച്ചപ്പോഴും ഇത് ബോദ്ധ്യപ്പെട്ടു. മതിയായ ഹാജർ ഇല്ലാത്ത മാസവും 4000 രൂപ ചെലവഴിച്ച എന്നതിനുള്ള രേഖകൾ ഹാജരാക്കിയിരിക്കുന്നത് ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ഹെഡ്മാസ്റ്റർ നൽകിയ മറുപടി യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ വരാതെ ശ്രദ്ധിക്കേണ്ടതും പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്.

II) <u>പദ്ധതി നിർവ്വഹണം: കാര്യക്ഷമത ഉറപ്പ് വരുത്തണം: രേഖകൾ ഹാജരാക്കണം</u>

പ്രോജക്ട് നം. 09/17 (പട്ടികവർഗ്ഗ കോളനികളിൽ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങി സ്ഥാപിക്കൽ), പ്രോജക്ട് നം 02/17 (എൽ.ഇ.ഡി ലൈറ്റ് വാങ്ങി സ്ഥാപിക്കൽ), പ്രോജക്ട് നം 78/17 (പട്ടികജാതി കോളനികളിൽ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങി സ്ഥാപിക്കൽ) തുടങ്ങിയ പ്രോജക്ടുകളിൽ സ്റ്റോക്കിൽ എടുത്ത സാമഗ്രികൾ മൊത്തമായും തീയതി വയ്ക്കാതെ ഒപ്പിട്ടെടുക്കുകയും ചെയ്തു. കൂടാതെ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ മൊത്തവും സ്ഥാപിച്ചതായുള്ള ആധികാരികമല്ലാതെയുള്ള രേഖകൾ പ്രോജക്ട് ഫയലുകളിൽ സൂക്ഷിക്കുകയും ചെയ്തിരിക്കുന്നു. ഉദാഹരണത്തിന് പ്രോജക്ട് നം.09/17 പ്രകാരം പട്ടിക വർഗ്ഗ കോളനികളിൽ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങി സ്ഥാപിക്കൽ എന്ന പ്രോജക്ടിലേക്ക് എൽ.ഇ.ഡി 90 എണ്ണം വാങ്ങി സ്റ്റോക്കിൽ എടുത്തത് 18.01.2017 ലാണ്. ഈ സാമഗ്രികൾ മൊത്തം ആൽഫാ ഇലക്ട്രോണിക്സ് തീയതി വയ്ക്കാതെ ഒപ്പിട്ടെടുക്കുകയും ഫെബ്രുവരിയ്ക്കകം (02/17) മൊത്തവും സ്ഥാപിച്ചതായി കാണിച്ചിരിക്കുന്നു. മറ്റ് സമാന പ്രോജക്ടുകളിലും ഇതേ രീതിയാണ് ചെയ്തിരിക്കുന്നത്. ലക്ഷക്കണക്കിന് രൂപയുടെ സാമഗ്രികളാണ് ചുരുങ്ങിയ സമയ പരിധിക്കുള്ളിൽ സ്ഥാപിച്ചതായി കാണിച്ചിരിക്കുന്നത്. അടുത്ത സാമ്പത്തിക വർഷത്തിലേയ്ക്കും സമാന പ്രോജക്ടുകൾ നടപ്പിലാക്കുന്ന രീതിയും അവലംബിക്കാറുണ്ട്. ഭരണ സമതിയും വാർഡ് മെമ്പർമാരും ഇക്കാര്യം വ്യക്തമായി പരിശോധിക്കേണ്ടതും പ്രോജക്ട് ഫലപ്രദമായി, കാര്യക്ഷമമായി നടപ്പിലാക്കി എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ആധികാരികമായ മോണിറ്ററിംഗ് സംവിധാനം നിലവിൽ വരേണ്ടതും വേണ്ടത്ര പരിശോധന നടത്തി മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവുകളിലെ മാർഗ്ഗ നിർദ്ദേശം പ്രകാരമുള്ള തെരുവ് വിളക്ക്

പരിപാലന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ധന വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത് തുടങ്ങിയ രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.15 തീയതി 21.03.17 പ്രകാരം ആവശ്യപ്പെട്ടിരുന്നു. മേൽ രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് അടിയന്തിരമായി ഹാജരാക്കേണ്ടതാണ്.

## 3-7 വി.ഇ.ഒ എൽ.വി.ഇ. ഒ നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകങ്ങൾ

2016-17 സാമ്പത്തിക വർഷം വി.ഇ.ഒ /എൽ.വി.ഇ. ഒ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടപ്പിലാക്കിയിരിക്കുന്ന വിവിധ പദ്ധതികളിൽ ആനുകൂല്യം ലഭിച്ചിട്ടുള്ളവർക്ക് സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താതെയാണ് ധനസഹായം നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

എ) പ്രോജക്ട് നമ്പർ SOO64/17 (വീട് പുനരുദ്ധാരണം ടി.എസ്.പി) പ്രകാരം വികസന ഫണ്ടിൽ നിന്നും 50,000/- രൂപ വീട് പുനരുദ്ധാരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിരിക്കുന്ന ശ്രീ.സുരേഷ് കാണി, ശ്രീ.രതീഷ്.എം എന്നിവരുടെ അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന രേഖകൾ പൂർണ്ണമല്ല. വീടിന്റെ അറ്റകുറ്റപ്പണിക്കുവേണ്ടി വീട്ടുടമസ്ഥൻ തയ്യാറാക്കേണ്ട എസ്റ്റിമേറ്റ്, വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന രേഖ, മുൻപ് വീട് പുനരുദ്ധാരണത്തിന് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നൽകേണ്ട സർട്ടിഫിക്കറ്റ്, ആനുകൂല്യം അനുവദിക്കുന്നതിന് മുൻപ് വീടിന്റെ പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിച്ചതായുള്ള നിർവ്വഹണോദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകൽ എന്ന പ്രോജക്ടിൽ മേശയും കസേരയും വാങ്ങിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഏത് സ്ഥാപനത്തിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങിയത്, നടപടിക്രമങ്ങൾ പാലിച്ചാണോ വാങ്ങൽ നടത്തിയത്, ഇതുമായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാനം, സാധനങ്ങൾ ലഭ്യമാക്കിയതിന്റെയും അവ സ്റ്റോക്ക് രജിസ്റ്ററിൽ എടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശ, കസേര വാങ്ങൽ എന്ന പ്രോജക്ടിൽ (പ്രോജക്ട് നം SOO59/17, അടങ്കൽ 150000 (വികസന ഫണ്ട്), 30 കുട്ടികൾക്ക് 4000 രൂപ വീതം ആകെ 120000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈയിനത്തിൽ ആനുകൂല്യം നൽകിയിരിക്കുന്ന പാർവ്വതി.എസ്.ജെ, അശ്വതി.എ എന്നീ വിദ്യാർത്ഥികൾ ഉപകരണങ്ങൾ കൈപ്പറ്റിയതായി കാണുന്നില്ല. (അശ്വതി.എ എന്ന വിദ്യാർത്ഥിനിയുടെ ആനുകൂല്യം ലഭ്യമാകുന്നതിനായുള്ള അപേക്ഷ പരിശോധനയ്ക്ക് ഹാജരാക്കിയില്ല). പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മതിയായ രേഖകളുടെ അഭാവത്തിൽ SOO60/17, SOO59/17 എന്നീ പ്രോജക്ടുകൾ പ്രകാരം ചെലവ് ചെയ്ത 22,000/- രൂപ തടസ്സപ്പെടുത്തുന്നു.

സി) എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ- നഷ്ടം 19950/- രൂപഓഡിറ്റിൽ നിരാകരിക്കുന്നു. രേഖകളുടെ അഭാവത്തിൽ 570000/- രൂപ തടസ്സപ്പെടുത്തുന്നു

(1)പ്രോജക്ട് - SOO55/17 (SCP)

അടങ്കൽ - 670000 (വികസനഫണ്ട്)

ചെലവ് - 310500 (10X31050)

ബിൽ നം, തുക, - 1/17 തീയതി 15.03.17 217350

തീയതി 5/17 തീയതി 15.03.17 31050

07/17തീയതി 30.03.17 31050

09/17 തീയതി 30.03.17 31050

(2) പ്രോജക്ട് നമ്പർ S0056/17 (TSP)

അടങ്കൽ -350000 (വികസനഫണ്ട്)

ചെലവ് -279450 (9X31050)

ബിൽ നം, തുക, - 2/16-17 തീയതി 15.03.17 93150

തീയതി 4/16-17 തീയതി 15.03.17 62100

6/16-1717തീയതി 30.03.17 31050

8/16-17തീയതി 30.03.17 31050

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായുള്ള മേൽ പ്രോജക്ടുകൾ പ്രകാരം 19 ലാപ്ടോപ്പ് വാങ്ങുന്നതിനായി ആകെ 589950/- രൂപ ചെലവഴിച്ചിട്ടുണ്ട്. 12-ാം സബ്സിഡി മാർഗ്ഗരേഖ ഭേദഗതി ജി.ഒ(ആർ.ടി)397/17 /തസ്വഭവ തീയതി - 13.02.2017 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക് 30,000/- രൂപ വരെ വിലയുള്ള ലാപ്ടോപ്പ് വാങ്ങി നൽകാവുന്നതാണ്. എന്നാൽ സർക്കാർ നിശ്ചയിച്ച നിരക്കിൽ നിന്നും അധികരിച്ച് 31050/- രൂപ നിരക്കിലാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. അധിക നിരക്കിൽ വാങ്ങിയതു മൂലം ആകെ [(19x31050) – (19x30000)] 19950/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. പ്രസ്തുത തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/20.06.17) വി.ഇ.ഒ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നഷ്ടത്തുകയായ 19950/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

മേൽ പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ലാപ്ടോപ്പ് ലഭ്യമാക്കുന്നതിന് ഇ-ടെണ്ടർ മുഖേന അംഗീകാരം നൽകിയിട്ടുള്ള Power cms Technology എന്ന സ്ഥാപനത്തിന് തുക നൽകിയതിന്റെയും, സ്ഥാപനം ലാപ്ടോപ്പ് ലഭ്യമാക്കിയതിന്റെയും ആയത് സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

(2) ഗുണഭോക്താക്കളെ (19 പേർ) അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റിയുടെ ഗുണഭോക്തൃ ലിസ്റ്റ്, കമ്മിറ്റി തീരുമാനം എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ മതിയായ ചെലവ് രേഖകളുടെ അഭാവത്തിൽ 5,70,000/- രൂപ ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.

(3) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിലിന് ഓട്ടോറിക്ഷ ലഭ്യമാക്കൽ എന്ന പദ്ധതി പ്രകാരം 2016-17 വർഷം 2 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട് [ SO057/17(SCP), SO058/17 (TSP)] . രണ്ട് പ്രോജക്ടുകളിലേക്കുമായി ആകെ 6 ഗുണഭോക്താക്കൾക്ക് 50,000/- രൂപ വീതം കണക്കാക്കി 3,00,000/- രൂപ വിവിധ ബില്ലുകൾ പ്രകാരം പിൻവലിച്ചിട്ടുണ്ട്. മേൽ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 4/16 തീയതി 11/1/16 പ്രകാരം വായ്പാബന്ധിത പ്രോജക്ടായിട്ടാണ് സ്വയം തൊഴിലിന് ഓട്ടോറിക്ഷ വാങ്ങൾ എന്ന പ്രോജക്ട് രൂപീകരിക്കേണ്ടതും ബാക്ക് എന്റഡ് സബ്സിഡിയായിട്ടാണ് ആനുകൂല്യം നൽകേണ്ടതും, എന്നാൽ പദ്ധതിയുടെ ഗുണഭോക്താവായ ഓരാൾക്ക് പോലും വായ്പ അനുവദിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് ബാങ്ക് വായ്പ അനുവദിക്കുന്നതിന് മുമ്പായി സബ്സിഡി തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് Federal Bank, Kallikkad ന് നൽകിയിരിക്കുന്നു (A/c No. 12980100199636). ഗുണഭോക്താക്കളായ ശ്രീ.സതീഷ്.എസ്, ശ്രീ.ഷിബു.ആർ എന്നിവർക്ക് സ്വന്തമായി ഓട്ടോറിക്ഷയുള്ളതിനാൽ ആനുകൂല്യം കൊടുക്കാൻ സാധിക്കില്ലായെന്ന നിർവ്വഹണഉദ്യോഗസ്ഥന്റെ റിപ്പോർട്ട് (വി.ഇ.ഒ) ഫയലിൽ ഉണ്ടെങ്കിലും അവർക്ക് സബ്സിഡിയിനത്തിൽ നൽകേണ്ട തുകയും ഉൾപ്പെടെയാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചിരിക്കുന്നത്. സബ്സിഡി തുക 300000/- രൂപ ബാങ്കിൽ വരവ് വച്ചതിന്റെ രേഖകൽ ഹാജരാക്കിയിട്ടില്ല. കള്ളിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച 08.03.2017 തീയതിയിലെ ഗുണഭോക്ത്ൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമല്ലാതിരുന്നതിനാൽ അനർഹരായ ഗുണഭോക്താക്കൾ (ശ്രീ.സതീഷ്.എസ്, ശ്രീ.ഷിബു.ആർ) ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയാൻ സാധിച്ചിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയും നിബന്ധനകൾ കണക്കിലെടുക്കാതെയുമാണ് മേൽ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിൽ വരുത്തിയിരി ക്കുന്നത്. പദ്ധതിയുടെ ആവശ്യകത, അർഹരായ എണ്ണം എന്നിവ മുൻകൂട്ടി നിശ്ചയിക്കാതെയും ദീർഘവീക്ഷണമില്ലാതെയും പദ്ധതി ആവിഷ്കരിച്ചിരിക്കുന്നു. സബ്സിഡി നൽകുന്നതിനായി തുക പിൻവലിച്ച് ബാങ്കിന് നൽകിയെങ്കിലും പദ്ധതി ലക്ഷ്യം കണ്ടില്ല. ഇപ്രകാരം സബ്സിഡി മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കാതെ പാഴ്ചെലവ് നടത്തിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ആയതിനാൽ SO057/17, SO058/17 എന്നിവ പ്രകാരമുള്ള 300000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ക്രമ നമ്പർ 2, 3, 4 എന്നിവയിലെ അപാകതകളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/20.6.17) വി.ഇ.ഒ മറുപടി നൽകിയിട്ടില്ല. തൃപ്തികരമായ വിശദീകരണം നൽകാത്ത സാഹചര്യത്തിൽ 300000/- രൂപ വി.ഇ.ഒയുടെ ബാധ്യതയായി നിലനിൽക്കുന്നതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 60,000/- | തെരുവുനായ നിയന്ത്രണ പദ്ധതി 30/16-17 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | പൂർത്തികരിച്ച വിവരം |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് നീട്ടലും പോസ്റ്റുകൾ മാറ്റി സ്ഥാപിക്കലും | 95781 | 95781 | ഇല്ല | പൂർത്തീകരിച്ചു |
| | കൈമാറി ക്കിട്ടിയ സ്ഥാപനത്തിന് വൈദ്യുതി കണക്ഷൻ | 445000 | 445000 | - | പൂർത്തീകരിച്ചു വരുന്നു |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ (സാധാ) നം.920/09-10/ ഡി.പി.സി/ ഡി.പി.ഒ/തിരു. | 10524000 | 3554964 | 1052400 | _ | 2502564 |

| | | | | | | |
|---|---|---|---|---|---|---|
| | തീയതി 25.09.2009 | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 44135061 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 43682395 |
| വരവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 19950 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3166490 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.5 (1) | 15,000 | ഹെഡ്മിസ്ട്രസ് , ഗവ എൽ.പി.എസ് വ്ലാവെട്ടി, ശ്രീമതി ഹെലൻ സ്റ്റെല്ല. |
| 3.5 (2) | 4,45,000 | ശ്രീ. ഡി സുനിൽകുമാർ, സെക്രട്ടറി |
| 3.5 (3) | 49,500 | ശ്രീ. ഡി സുനിൽകുമാർ, സെക്രട്ടറി |
| 3.5 (4) | 2,04,752 | ശ്രീ. ഡി സുനിൽകുമാർ, സെക്രട്ടറി |
| 3.5 (5) | 1,78,200 | ശ്രീ. ഡി സുനിൽകുമാർ, സെക്രട്ടറി |
| 3.5 (6) | 9,99,898 | ശ്രീ. ഡി സുനിൽകുമാർ, സെക്രട്ടറി |
| 3.5 (7) | 1,84,140 | ശ്രീ. ഡി സുനിൽകുമാർ, സെക്രട്ടറി |
| 3.7 (2) | 2,20,000 | വി.ഇ.ഒ, സുബി സുകുമാരൻ |
| 3.7 (3) | 5,70,000 | വി.ഇ.ഒ, സുബി സുകുമാരൻ |
| 3.7 (4) | 3,00,000/- | വി.ഇ.ഒ, സുബി സുകുമാരൻ |

ഓഡിറ്റിൽ നിരാകരിച്ച/അംഗീകരിക്കാത്ത തുക

3.7(3) 19950 വി.ഇ.ഒ, സുബി സുകുമാരൻ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഹെലൻ സ്റ്റെല്ല. | ഹെഡ്മിസ്ട്രസ്<br>(ഗവ. ട്രൈബൽ എൽ.പി.എസ്. വ്ലാവെട്ടി) | റ്റി.സി 19/1556(1), പൂതുശ്ശേരി, തമലം, പൂജപ്പുര പി.ഒ |
| ശ്രീ ഡി സുനിൽകുമാർ, | സെക്രട്ടറി , കള്ളിക്കാട് ഗ്രാമപഞ്ചായത്ത്. | റ്റി.സി 21/1290, ഉഷസ്. നെടുങ്കാട്, കരമന പി.ഒ |
| ശ്രീ. സുബി സുകുമാരൻ | വി.ഇ.ഒ , കള്ളിക്കാട് ഗ്രാമപഞ്ചായത്ത്. | സുജഭവൻ, ചെറുവട്ടിക്കോണം ലെയ്ൻ, ചെറുവയ്ക്കൽ, ശ്രീകാര്യം പി.ഒ |
| ശ്രീമതി.സജിനാബീവി | എ.ഇ, കള്ളിക്കാട് ഗ്രാമപഞ്ചായത്ത്. | ഷഹന കോട്ടേജ്, പി.റ്റി.പി ജംഗ്ഷൻ, നെട്ടയം, തിരുവനന്തപുരം - 13 |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-1998 | എൽ.എഫ്.റ്റി.ഡി.6(എ)/1236/99 | 3 |
| 1998-1999 | എൽ.എഫ്.റ്റി.ഡി.6(എ)/850/00 | 6 |
| 1999-00 | എൽ.എഫ്.റ്റി.ഡി.6.(എ))/880/01 | 15 |
| 2000-2001 | എൽ.എഫ്.റ്റി.ഡി.ജി.പി.2/388/02/7.7.14 | 12 |
| 2001-2002 | എൽ.എഫ്.റ്റി.ഡി.ജി.പി.2/160/03/7.7.14 | 6 |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.24/398/05 തീയതി.13.09.16 | 3 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.2/69/14 തീയതി.13-01.14 | 13 |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.2/385/07 തീയതി.11-07.08 | 17 |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1682/08 തീയതി.15-11-11 | - |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1683/08 തീയതി.31.07.10 | 10 |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1032/09 തീയതി.11.01.12 | 19 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.2/390/13 തീയതി.07.03.16 | 13 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1320/11 തീയതി.12.06.12 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.2/355/13 തീയതി.04.07.13 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1787 /13തിയതി.18.12.13 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.2/2456/14 തീയതി.16.01.15 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു |

| | | |
|---|---|---|
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.2/56/16 തീയതി.16.01.16 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1362/2016തിയതി 01.08.16 | എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു |

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

1. ആസ്തികളുടെ മൂല്യ നിർണയം നടത്തി ആസ്തി രജിസ്റ്റർ കാലികമായി സൂക്ഷിച്ചിട്ടില്ല
2. സ്റ്റോക്ക്, സ്റ്റോഴ്സ് എന്നിവയുടെ മൂല്യം കണക്കാക്കിയിട്ടില്ല. ആയതിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്